**<u>15 -ാം കേരള നിയമസഭ</u>**

**<u>10 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2857</u>** **<u>13-02-2024 - ല്‍ മറുപടിയ്ക്ക്</u>**

**<u>സഹകരണ മേഖലയിലെ ജീവനക്കാർക്ക് ഇൻഷ്വറൻസ് പദ്ധതി</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ മേഖലയിലെ ജീവനക്കാർക്ക് നടപ്പിലാക്കാൻ തീരുമാനിച്ച ഇൻഷ്വറൻസ് പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കായി അനുയോജ്യമായ ഒരു മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം നല്കിയിട്ടുണ്ട്.<br><br>പദ്ധതി നടപ്പിൽ വരുത്തുമ്പോൾ സംഘങ്ങൾക്കുണ്ടാകുന്ന സാമ്പത്തിക ബാധ്യത പരിശോധിച്ചും, ഇൻഷ്വറൻസ് കമ്പനികളുമായി കൂടിയാലോചനകൾ നടത്തി Final Package Cost നിലവിലുള്ള നിരക്കിനനുസരിച്ച് പുനർനിർണ്ണയിച്ചും, അതിനനുസരിച്ച് പ്രീമിയം തുക നിർണ്ണയിച്ചും, ആശുപത്രികളുടെ പങ്കാളിത്തം ഉറപ്പാക്കിയും, ഗുണഭോക്തൃ വിഹിതം ആവശ്യമുണ്ടെങ്കിൽ അത് നിശ്ചയിച്ചും, കരട് സ്കീം പുനഃസമർപ്പിക്കാൻ സഹകരണ സംഘം രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എങ്ങനെയാണെന്ന് അറിയിക്കാമോ; | (ബി) | സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കുള്ള മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി (CEMIS- Medical Insurance Scheme for Co-operative Employees), ഒരു പ്രത്യേക മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതിയായി രൂപീകരിച്ച് സ്റ്റാറ്റ്യൂട്ടറിയായി മെഡിസെപ് പദ്ധതിയുടെ പ്ലാറ്റ് ഫോമിൽ നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | പ്രസ്തുത പദ്ധതി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (സി) | ടി പദ്ധതിയിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി ക്രമങ്ങൾ പൂർത്തിയാക്കുന്ന മുറയ്ക്ക് മാത്രമേ പദ്ധതി ആരംഭിക്കാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ